**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 483 09.02.2016 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

ചോദ്യം ഉത്തരം

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ഹൈബി ഈഡൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് : വിശദമാക്കുമോ ; | (എ) | നിർമ്മാണ പ്രവർത്തനം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ തക്കവണ്ണം ആസൂത്രണം ചെയ്തിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ഉള്ളത്. വയാഡക്ടിന്റെ 740 സ്പാനുകളിൽ 538 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയായി കഴിഞ്ഞു. സിഗ്നലിംഗ് & ടെലികമ്മ്യൂണിക്കേഷൻ ജോലികൾ കുസാറ്റ് സ്റ്റേഷനിലും കളമശ്ശേരി സ്റ്റേഷനിലും തുടങ്ങി കഴിഞ്ഞു. വയാഡക്ടിൽ തേർഡ് റെയിൽ സ്ഥാപിച്ചു കഴിഞ്ഞു. 2016 ജനുവരി 10 ന് ആദ്യ ട്രെയിൻ മുട്ടം യാർഡിൽ എത്തിച്ചേർന്നു. അടുത്ത അഞ്ചു ട്രെയിനുകൾ 2016 ഓഗസ്റ്റിനു മുമ്പ് കൊച്ചിയിൽ എത്തിച്ചേരും. ട്രയൽ റൺ 2016 ഫെബ്രുവരി അവസാനം നടത്താനാകും |
| (ബി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഈ പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിഹിതം 1002.23 കോടി രൂപയാണ്. ഇതിൽ നിന്നും 861.44 കോടി രൂപ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കൈപ്പറ്റി. കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഫ്രഞ്ച് വികസന ഏജൻസി യായ AFD (Agence Francaise de Developpement) യുടെ 180 മില്യൺ യൂറോയുടെ വായ്പ 2014-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ സോവറിൻ ഗ്യാരണ്ടിയോടെയുള്ള "Pass Through Assistance" ആണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിൽ ആണ് ആലുവ മുതൽ പേട്ട വരെയുള്ള 25.612 കി.മീ. ദൈർഘ്യമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതി കമ്മീഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) 18 കി.മീ. പൂർണ്ണസജ്ജമായി 2016 നവംബർ 1 ന് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിൽ പൂർത്തീകരിക്കാനും ആണ് ഉദ്ദേശിക്കുന്നത്. |

Deepthi

സെക്ഷൻ ഓഫീസർ